**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 784** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എ. സി. മൊയ്തീൻ</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;</td><td>(എ)</td><td>ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് അതാത് സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് ആനുപാതികമായി പട്ടികജാതി വികസന വകുപ്പും തദ്ദേശ സ്ഥാപനങ്ങളും മുഖേന ഭൂമി അനുവദിച്ചുവരുന്നു.<br><br>ലൈഫ് പദ്ധതി കൂടാതെ മനസ്സോടിത്തിരി മണ്ണ് ക്യാംപയിന്റെ ഭാഗമായി ലഭിക്കുന്ന ഭൂമിയും ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് അനുവദിക്കുന്നുണ്ട്.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വില കൊടുത്തു വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നു.</td></tr>
<tr><td>(ബി)</td><td>എത്രപേർക്കാണ് ഈ സർക്കാർ കാലയളവിൽ ഭൂമി നൽകിയിട്ടുള്ളത്; വിശദമാക്കാമോ;</td><td>(ബി)</td><td>ഈ സർക്കാർ കാലയളവിൽ 10663 പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്.
<table>
<tr><td>ജില്ല</td><td>2021-22</td><td>2022-23</td><td>2023-24</td></tr>
<tr><td>തിരുവനന്തപുരം</td><td>538</td><td>353</td><td>361</td></tr>
<tr><td>കൊല്ലം</td><td>423</td><td>259</td><td>306</td></tr>
<tr><td>പത്തനംതിട്ട</td><td>224</td><td>165</td><td>218</td></tr>
<tr><td>ആലപ്പുഴ</td><td>250</td><td>270</td><td>224</td></tr>
<tr><td>കോട്ടയം</td><td>199</td><td>119</td><td>162</td></tr>
<tr><td>ഇടുക്കി</td><td>163</td><td>127</td><td>88</td></tr>
<tr><td>എറണാകുളം</td><td>324</td><td>294</td><td>365</td></tr>
<tr><td>തൃശ്ശൂർ</td><td>407</td><td>381</td><td>390</td></tr>
</table>
</td></tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>പാലക്കാട്</td><td>450</td><td>596</td><td>431</td></tr>
<tr><td>മലപ്പുറം</td><td>283</td><td>355</td><td>377</td></tr>
<tr><td>കോഴിക്കോട്</td><td>302</td><td>190</td><td>215</td></tr>
<tr><td>വയനാട്</td><td>103</td><td>48</td><td>40</td></tr>
<tr><td>കണ്ണൂർ</td><td>213</td><td>102</td><td>103</td></tr>
<tr><td>കാസർഗോഡ്</td><td>141</td><td>44</td><td>60</td></tr>
<tr><td>ആകെ</td><td>4020</td><td>3303</td><td>3340</td></tr>
</table>
ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം പട്ടിക വർഗക്കാരായ 260 പേർക്ക് 50.83 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 718 പേർക്ക് 243.80 ഏക്കർ ഭൂമിയും, വനാവകാശ നിയമപ്രകാരം 2843 പേർക്ക് 3945.86 ഏക്കർ ഭൂമിയും, റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം പദ്ധതി പ്രകാരം 27 പേർക്ക് 20.98 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 3848 പേർക്ക് 4261.47 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.
ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ 52.34 ഏക്കർ ഭൂമി കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടിയും പദ്ധതി പ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച 6.99 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.
ലാന്റ് ബാങ്ക് പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 27.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>ഭൂമിയില്ലാത്ത കുടുംബാംഗങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിച്ചുനൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?</td>
<td>(സി)</td>
<td>
ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് അർഹത പരിശോധിച്ച് പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നു. തുടർന്ന് PMAY/ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് തദ്ദേശ സ്ഥാപനങ്ങൾ മുഖേന ധനസഹായം ലഭ്യമാക്കുന്നു.
ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി ലഭ്യമാക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മിഷൻ മുഖേന തന്നെ വീട് നിർമ്മാണത്തിനുള്ള ധനസഹായവും അനുവദിച്ച് നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 299 പേർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വീട് അനുവദിച്ചിട്ടുണ്ട്. ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ (ഫേസ് 3) മുഖേനയും ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ